**Sacred Heart Knanaya Catholic Church**
**611 Maple St., Maywood, IL 60153**
**St. Mary's Knanaya Catholic Church**
**7800 W. Lyons St., Morton Grove, IL 60053**
Parish website: www.knanayaregion.us/chicago
Bulletins: www.knanayaregion.us/chicago/bulletin.htm

# CHICAGO KNANAYA CATHOLIC PARISH BULLETIN

**Volume 8, Issue 1, September 23, 2012**

# Starting the Eighth Volume of this Weekly

WE HAVE SUCCESSFULLY PUBLISHED OUR PARISH BULLETIN EVERY SUNDAY FOR THE PAST SEVEN YEARS WITHOUT INTERRUPTION. THANK YOU FOR ALL YOUR SUPPORT.

All past issues are available at our website as a historical document of our parishes.



## വിശുദ്ധ വിൻസെന്റ് ഡി പോളിന്റെ തിരുനാൾ

ജീവകാരുണ്യ പ്രവർത്തനങ്ങളിൽ മുഴുകി ജീവിച്ച് പാവപ്പെട്ടവരിലൂടെ ദൈവത്തെ സ്നേഹിക്കുകയും സേവിക്കുകയും ചെയ്ത വി. വിൻസെന്റ് ഡി പോളിന്റെ തിരുനാൾ സെപ്തംബർ 23, ഞായറാഴ്ച സെന്റ് മേരീസ് പള്ളിയിലും 30, ഞായറാഴ്ച സേക്രഡ് ഹാർട്ടിലും ആഘോഷിക്കുന്നു. വിശുദ്ധ കുർബാനയ്ക്കു മുമ്പായി വിശുദ്ധന്റെ തിരുസ്വരൂപം ആശീർവ്വദിക്കുന്നതും ലദീഞ്ഞു നടത്തുന്നതുമാണ്.

തിരുനാൾ പ്രസുദേന്തിമാർ നമ്മുടെ ഇടവകകളിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനാംഗങ്ങളാണ്. അന്നത്തെ നേർച്ച സമർപ്പണം അതാത് ഇടവകയിലെ സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയുടെ ജീവകാരുണ്യ പ്രവർത്തനങ്ങൾക്കു നല്കുന്നതാണ്. സെന്റ് വിൻസെന്റ് ഡി പോൾ സംഘടനയിലേയ്ക്കു പ്രായഭേദമന്യേ പുതിയ അംഗങ്ങൾക്ക് ചേരാവുന്നതാണ്.

# Sixth Anniversary of Sacred Heart Parish


Sacred Heart Knanaya Catholic Parish is celebrating its sixth anniversary on Sunday, September 23rd at 10:00 A.M.

**PROGRAM**

- Inauguration by Lighting of the Lamp
- Thanksgiving Holy Mass at 10:00 A.M.
- March Past
- Stage Show
- Outdoor Games.



Shrine of the Most Sacred Heart of Jesus installed at the entrance of Sacred Heart Church and blessed by His Grace Mar Mathew Moolakkatt on Monday, September 17th.



## PRIESTS

**Pastor, St. Mary's: Fr. Abraham Mutholathu Jacob**
5212W. Agatite Ave., Chicago, IL 60630.
(773) 412-6254 (cell) mutholath2000@yahoo.com
**Pastor, Sacred Heart: Fr. Saji Pinarkayil**
589 N. Willow Rd., Elmhurst, IL 60126.
(224) 659-6586 sajipinarkayil@gmail.com
**Associate Pastor: Fr. Siju Mudakkodil**
(210) 630-2295 skmudakodil@gmail.com
***www.knanayaregion.us/chicago***

## FOR HALL BOOKINGS

Sacred Heart: Baby Karikkal 630-901-5499
St. Mary's: Polson Kulangara 847-207-1274

## FOR SACRISTANS

Sacred Heart: Kurian Nellamattom 630-664-9405
St. Mary's: Sr. Xavier S.V.M. 847-603-8881 (Convent)
For list of other volunteers / upcoming events, visit:
*www.knanayaregion.us/chicago/staff.htm*
*www.knanayaregion.us/chicago/calendar.htm*

## HOLY MASS

SUNDAY 10:00 A.M. at both churches.
5:30 P.M. at St. Mary's Church.
MONDAY - THURSDAY 7:00 P.M. at both churches.
FRIDAY 6:00 P.M. at St. Mary's & 7:00 P.M. at Sacred Heart.
SATURDAY 10:00 A.M. at both churches.

## RELIGIOUS EDUCATION

ON SUNDAYS 10:00 A.M. to 11:30 A.M. at both churches.

## ADORATION

First Fridays after Mass at both churches.
Every Saturday from 11:00 A.M. to 5:00 P.M. at St. Mary's.
Night Vigil at St. Mary's on Second Fridays from 6:00 P.M. to 1:00 A.M. with Holy mass at 6:00 P.M. and 11:30 P.M.
3rd Fridays at St. Mary's for children & youth at 6:45 P.M.
4th Fridays at Sacred Heart for children & youth at 7:45 P.M.

## NOVENAS

B.V. Mary after Saturday 10:00 A.M. Mass at both churches.
St. Jude on Thursdays at 7:00 P.M. at St. Mary's.
St. Michael 3rd Friday of the month after 7:00 P.M. Mass at Sacred Heart.
Novena of St. Anthony at Sacred Heart on Tuesdays after 7:00 P.M. Holy Mass.

## PRAYER GROUP

Sundays after 10:00 A.M. Mass at both churches.

## ROSARY


Mon. - Thurs. 6:30 P.M. & Friday at 5:30 P.M. at St. Mary's.

## ST. VINCENT DE PAUL SOCIETY

Sundays after 10:00 A.M. Mass at both churches.

## LEGION OF MARY

Every Saturdays after Mass at Sacred Heart.
Every Thursday after 7:00 P.M. Mass at St. Mary's.




September 2012

| S | M | T | W | T | F | S |
|---|---|---|---|---|---|---|
| | | | | | | 1 |
| 2 | 3 | 4 | 5 | 6 | 7 | 8 |
| 9 | 10 | 11 | 12 | 13 | 14 | 15 |
| 16 | 17 | 18 | 19 | 20 | 21 | 22 |
| 23 | 24 | 25 | 26 | 27 | 28 | 29 |
| 30 | | | | | | |

### FRIDAY, SEPTEMBER 21, 2012

Feast Day of St. Mathew, Patron saint of Mar Moolakkatt
Knanaya Region Priests' Council at St. Mary's Church at 2:00 P.M.
Holy Mass at St. Mary's at 6:00 P.M.
Knanaya Region Pastoral Council (priests and lay representatives from parishes and missions) at St. Mary's church from 6:30 P.M. to Saturday noon.
Holy Mass and Novena of St. Michael and adoration of children at Sacred Heart at 7:00 P.M.

### SATURDAY, SEPTEMBER 22, 2012

Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.
Syro-Malankara Holy Mass at St. Mary's at 5:30 P.M.

### SUNDAY, SEPTEMBER 23, 2012

Holy Mass with Feast of St. Vincent de Paul at St. Mary's at 10:00 A.M.
Sixth Anniversary Celebrations of Sacred Heart Parish with Holy Mass at 10:00 A.M. followed by March Past, Stage Show and outdoor activates.
Rel. Education Classes at St. Mary's at 10:00 A.M.
No Religious Education Class at Sacred Heart today.
English Mass at St. Mary's church at 11: 45 A.M.
Religious Education Youth Teachers' Training at St. Mary's at 10:00 A.M.
Holy Mass at St. Mary's Church at 5:30 P.M.

### MONDAY, SEPTEMBER 24, 2012

Holy Mass at St. Mary's and Sacred Heart at 7:00 P.M.

### TUESDAY, SEPTEMBER 25, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Anthony at Sacred Heart after Holy Mass.

### WEDNESDAY, SEPTEMBER 26, 2012

Holy Mass at Sacred Heart & St. Mary's at 7:00 P.M.

### THURSDAY, SEPTEMBER 27, 2012

Feast Day of St. Vincent de Paul.
Holy Mass at Sacred Heart & St. Mary's at 7:00 P.M.
Novena of St. Jude at St. Mary's after Holy Mass.
Theology Class at St. Mary's after Holy Mass.

### FRIDAY, SEPTEMBER 28, 2012

Holy Mass at St. Mary's at 6:00 P.M. and at Sacred Heart at 7:00 P.M.
Theology Class at Sacred Heart after Holy Mass.

### SATURDAY, SEPTEMBER 29, 2012

Archangels Michael, Gabriel and Raphael
Holy Mass and Novena at Sacred Heart and St. Mary's at 10:00 A.M.
Mandatory teachers' training for Religious Education Teachers of Sacred Heart School at Sacred Heart Church after 10:00 A.M. Mass.



# സജിയച്ചന്റെ സന്ദേശം

## എന്തുകൊണ്ട് മറിയം പാവങ്ങൾക്ക് പ്രത്യക്ഷപ്പെടുന്നു?

എന്റെ പ്രിയ സഹോദരങ്ങളേ,

കാലിതൊഴുത്തിൽ കാലികൾക്കൊപ്പം പിറന്നവൻ; കാലത്തിന്റെ കുത്തൊഴുക്കിൽ കർത്താവിനെ മറന്നവരെ കാണാൻ, അവൻ തേടിയെത്തുന്നു. ദൈവമായിരുന്നിട്ടും ആ സമാനത കാര്യമായി പരിഗണിക്കാതെ, മനുഷ്യരൂപമെടുത്ത് ശൂന്യതയുടെ അന്തരാർത്ഥം മനുഷ്യന് വെളിപ്പെടുത്താൻ, ഒന്നുമില്ലാത്തവരും ഒന്നുമല്ലാത്തവരുമായവർക്ക് പ്രത്യക്ഷപ്പെടുന്നു. അവിടുന്ന് ആഗ്രഹിക്കുന്നത് മനുഷ്യനെയാണ്. മനുഷ്യനുള്ളതിനെയല്ല. മനുഷ്യനുള്ളത് അവന്റേതല്ലല്ലോ; അത് അവന് ദൈവം ദാനമായി കൊടുത്തതല്ലേ. എന്നാൽ ദാനമായി കിട്ടിയതിനെ അവകാശമായി കരുതി, അതിന് ഹൃദയത്തിൽ ഇരിപ്പടം കൊടുത്ത്, തന്നവനെ പുറത്താക്കുമ്പോൾ, സ്വഭാവികമായിട്ടും മനുഷ്യന്റെ അഹങ്കാരമോർത്ത് സങ്കടപ്പെടാൻ മാത്രമേ ദൈവത്തിനാവൂ.

എന്തുകൊണ്ട് ദൈവിക ദർശനങ്ങൾ ആട്ടിടയന്മാർക്കും, വിറക് ശേഖരിക്കുന്നവർക്കും, ആദിവാസികൾക്കും, അന്നമില്ലാത്തവർക്കും, തൊഴിലാളിക്കും, തോലിന്റെ നിറം ഇരുണ്ടവർക്കും, ദൈവം കൊടുക്കുന്നു? ഉത്തരം ഒന്നു മാത്രം: അവർക്ക് ദൈവത്തെ വേണം; ദൈവത്തിന് അവരേയും. കാരണം ദൈവം നോക്കുന്നത് മനുഷ്യന്റെ പുറമല്ല അകമാണ്: വസ്ത്രമല്ല മാറേണ്ടത് ഹൃദയമാണ് മാറ്റേണ്ടത്. ഈ വചനം ആഴത്തിൽ പഠിച്ചിരുന്നുവെങ്കിൽ. തങ്ങൾക്കു കിട്ടാത്തത് മറ്റുള്ളവർക്കു ലഭിക്കുമ്പോൾ അതിനെ പണം മുടക്കി പിടിച്ചെടുക്കാൻ ശ്രമിക്കുമ്പോൾ; അല്ലെങ്കിൽ അനുഭവം ലഭിച്ചവരെ അടിമകളാക്കി ആളാകാൻ ശ്രമിക്കുമ്പോൾ അവരുടെ സംരക്ഷണം ദൈവം ഏറ്റെടുക്കും.

ഫാത്തിമായിൽ ആട്ടിടയരായ ലൂസിയാ, ജസീന്താ, ഫ്രാൻസീസ് എന്നീ കുട്ടികൾക്ക് ദൈവിക ദർശനമുണ്ടായപ്പോൾ അവരെ ഒന്നടങ്കം പീഡിപ്പിച്ചവരുടെ കൂട്ടത്തിൽ അവരുടെ അമ്മയും ഉണ്ടായിരുന്നു. എന്നാൽ ആരൊക്കെ നിന്നെ വെറുത്താലും നിന്നെ വിസ്മരിക്കാൻ നിന്റെ ദൈവത്തിന് കഴിയില്ല എന്ന് ഉറപ്പ് നല്കി, ജനത്തിന്റെ പിടിവാശിക്ക് മുമ്പിൽ 74,000ത്തിലധികം വരുന്ന ജനത്തിന് മൂന്നു തരത്തിൽ, കുഞ്ഞുങ്ങളുടെ താൻകൊടുത്ത ദൈവിക ദർശനം നുണയല്ലെന്ന് വെളിപ്പെടുത്തിയ ദൈവമാണു നമ്മുടെ കൂട്ടുകാരൻ. 74,000ത്തിൽ; ഒരു കൂട്ടർക്ക് സൂര്യൻ ചലിക്കുന്നതായും, ആ കൂട്ടത്തിൽ ദൈവത്തെ അന്വേഷിക്കുന്നവർക്ക് സൂര്യന്റെ നൃത്തമായും, പിഞ്ചു കുട്ടികൾക്ക് യൗസേപ്പുപിതാവിന്റെ കൈയ്യിലിരിക്കുന്ന ഉണ്ണീശോയായും ദൈവികദർശനം കൊടുത്തുവെങ്കിൽ ദൈവവചനം ഓർക്കാം: ദൈവത്തെ സ്നേഹിക്കുന്നവർക്കും അവിടുത്തെ പദ്ധതി അനുസരിച്ച് വിളിക്കപ്പെട്ടവർക്കും അവൻ എന്നും ഉറപ്പുള്ള കോട്ടയും സംരക്ഷകരും കാവല്ക്കാരനുമായിരിക്കും. ഹാ, എന്തൊരു കുളിരു കോരുന്ന സന്ദേശം! എന്റെ സംരക്ഷകൻ എന്റെ ദൈവം മാത്രം!

കാലിതൊഴിത്തിൽ പിറന്നവന് സമ്പന്നന്റെ ദാർഷ്ട്യടത്തെ ഉൾകൊള്ളാൻ കഴിയില്ല. ദൈവത്തിനു ആവശ്യം അത് അവന്റെ ഇഷ്ടത്തിനൊത്ത് ജീവിക്കുന്നവരെയാണ്. ഹേ മനുഷ്യാ, നീ ഇന്ന് ആരെയാണ് കൂടുതൽ ആശ്രയിക്കുന്നത്? നീ ഇന്ന് ആശ്രയിക്കുന്നത് നിനക്ക് രക്ഷ വാങ്ങി തരുമെന്ന് ഉറപ്പുണ്ടോ? ഉറപ്പില്ലാത്ത ഒന്നിനെ എന്തിനാണ് ആവേശത്തോടെ പുണരുന്നത്? നിന്നെ ഏറ്റെടുക്കാനും, ഉയർത്താനും വളർത്താനും, ജീവന്റെ കിരീടം നിനക്കു സമ്മാനിക്കാനും, നിന്റെ ദൈവം എപ്പോഴും ആഗ്രഹിക്കുന്നു. ആ ആഗ്രഹത്തെ നീ തിരിച്ചറിയണം.

നീ ഒന്നു ചിന്തിക്കണം: നിന്റെ ഈ ജീവിതത്തിൽ തെറ്റായ ചിന്തകൾ മൂലം, അല്ലെങ്കിൽ തർക്കിക്കുന്ന മാനുഷിക ബുദ്ധികൊണ്ട് ചിന്തിക്കുക മൂലം ഏതെങ്കിലും തരത്തിലുള്ള ദൈവീകാനുഭൂതി നിനക്ക് ഉണ്ടായിട്ടുണ്ടോ? ഇല്ലെങ്കിൽ തിരിച്ചറിയണം. എതിർചിന്തകൾ ദൈവിക ഇടപെടലിന് തടസ്സമാണ്. ആടിയുലയുന്ന കപ്പലും, ചാഞ്ചാടുന്ന മനസ്സും, ലക്ഷ്യത്തിലെത്താൻ ക്ലേശിക്കും. ദൈവം ആഗ്രഹിക്കുന്നത് നിനക്കു ദൈവത്തിലുള്ള വിശ്വാസമാണ്. നീ വിശ്വാസം അർപ്പിക്കുന്നതു നിന്നിലാണെങ്കിൽ, നടുകയും കിളിർപ്പിക്കുകയും ഫലം നല്കുകയും ചെയ്യുന്ന ദൈവത്തിലല്ലെങ്കിൽ, നീതന്നെ നിനക്ക് നാശകാരണമാവുകയാണ്. ദൈവത്തെ ആശ്രയിക്കാം. ബാക്കികാര്യം ദൈവം നോക്കിക്കൊള്ളും. കാരണം നിന്റെ ദൈവം നിന്നെ അത്രയ്ക്കും ഇഷ്ടപ്പെടുന്നു.

ഒത്തിരി സ്നേഹത്തോടെ,

ഫാ. സജി പിണർകയിൽ

## നുറുങ്ങുവെട്ടം

**ദൈവരാജ്യത്തെപ്രതി ദരിദ്രരാകുന്നവർ ദൈവരാജ്യം അവകാശമാക്കും.**



## PARISH CENSUS FORM

**Please fill up our parish census form, if you have not done so recently, and submit to parish office. Form is available at:**

**http://www.knanayaregion.us/chicago/census_form.pdf**

# ഹ്വവാൻ ഡിയാഗോയ്ക്കൊപ്പം ഒരു മരിയൻ തീർത്ഥയാത്ര

*(സേക്രഡ് ഹാർട്ട് ഇടവകയിൽനിന്ന മെക്സിക്കോയിലെ ഗ്വഡലൂപ്പെയിലേയ്ക്ക് നടത്തിയ മരിയൻ തീർത്ഥാനത്തിന്റെ യാത്രാവിവരണം. തയ്യാറാക്കിയത്: ജോജോ പെരുമണത്തേട്ട്, തങ്കമ്മ നെടിയകാലയിൽ, തോമസ് നെട്ടവാന്മഴ, ലൂക്കോസ് കളത്തിൽകരോട്ട്, ഷീബാ മുത്തോലം).*

മെക്സിക്കോ സിറ്റിയിൽ വിമാനം ഇറങ്ങുമ്പോൾ ഇന്ത്യയിലെ ഒരു നഗരത്തിൽ എത്തിയ പ്രതീതി അനുഭവപ്പെട്ടു. എയർ പോർട്ടിൽ ഞങ്ങളെ സ്വീകരിക്കുവാൻ ഷാലോം യു. എസ്. ഏ. യിലെ അംഗങ്ങൾ എത്തിയിരുന്നു. എയർപോർട്ടിൽ നിന്നും നേരെ ഹോട്ടലിലേയ്ക്ക് യാത്രയായി. ഇടവഴികളിലൂടെ വണ്ടി നീങ്ങുമ്പോൾ കോട്ടയത്തുകൂടിയുള്ള യാത്ര ഓർമ്മവന്നു. ഹോട്ട ലിൽഎത്തി ഭക്ഷണം കഴിച്ചശേഷം ആറു മണിയ്ക്ക് എല്ലാവരും പരിശുദ്ധ അമ്മയുടെ ബസിലിക്കായിലേയ്ക്ക് നീങ്ങി.

ക്രൈസ്തവ ജീവിതം സ്വർഗ്ഗോന്മുകമായി നാം നടത്തുന്ന തീർ ത്ഥാടനമാണല്ലോ. വിശുദ്ധിയുടെ വഴികളിലൂടെ ജീവിതത്തെ ക്രമപ്പെടുത്തി, വിശുദ്ധരുടെ സന്മാതൃകകളെ സ്വീകരിക്കാനാണ് വിശുദ്ധരുടെ സാന്നിദ്ധ്യം ഉൾക്കൊള്ളുന്ന സ്ഥലങ്ങളിൽ നാം പോകുന്നത്. പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട ഗ്വഡലൂപ്പേ സന്ദർശി ക്കാനായത് ഞങ്ങളുടെ ജീവിതത്തിലെ നിർവൃതിദായകമായ നിമിഷങ്ങളായിരുന്നു.

ഹോട്ടലിൽ നിന്നു പള്ളിയിലേയ്ക്ക് അഞ്ചു മിനിറ്റേ നടക്കാനു ണ്ടായിരുന്നുള്ളു. വഴികളിൽ ധാരാളം ആളുകൾ പൂക്കളും ജപമാ ലയും ഭക്തവസ്തുക്കളും വില്ക്കുന്നു. ബസിലിക്കായുടെ മുൻപിൽ സജിയച്ചൻ പ്രാർത്ഥനയോടെ തീർത്ഥയാത്രയ്ക്കു തുടക്കം കുറിച്ചു. തുടർന്ന് ഷാലോമിൽനിന്നുള്ള ജോജോ തോമസ്സ് ബസിലി ക്കയെക്കുറിച്ച് നല്ല വിവരണം നല്കി. അതിനുശേഷം ഞങ്ങൾ പ്രധാന പള്ളിയിൽ പ്രവേശിച്ചു. പള്ളി പുതിയ പൂക്കളാൽ അലങ്കരിച്ചിരുന്നു. ബസിലിക്കയിൽ തുടർച്ചയായി പരിശുദ്ധ കുർബാന നടന്നുകൊണ്ടിരുന്നു. ദൈവാലയത്തിൽ പ്രവേശിച്ചതി നുശേഷം പരിശുദ്ധ അമ്മയുടെ അത്ഭുതചിത്രമുള്ള ടിൽമ കാണ വാനായി വിശുദ്ധ ബലിപീഠത്തിന്റെ പുറകിലുള്ള ഇടനാഴി യിലേയ്ക്ക് പോയി. എല്ലാവർക്കും അപ്പോൾ മുല്ലപ്പൂവിന്റെ സുഗന്ധം അനുഭവപ്പെട്ടു. പരിശുദ്ധ അമ്മയ്ക്ക് നമ്മളോടുള്ള സ്നേഹം ആണ് ആ മുല്ലപ്പൂവിന്റെ സുഗന്ധത്തിലൂടെ വന്നതെന്ന് ഞങ്ങൾക്ക് മനസ്സിലായി.


അവിടെനിന്നു ഞങ്ങൾ ബസിലിക്കായുടെ അകത്ത് എത്തി. വർഷങ്ങൾക്ക് മുമ്പ് ബോംബുവീണ് വളഞ്ഞ കുരിശും അതിന്റെ ചരിത്രവും ഷാലോം ടീം വിശദമായി പറഞ്ഞുതന്നു. പരിശുദ്ധ ഗ്വഡലൂപ്പേ മാതാവിന്റെ ചരിത്രത്തിലുള്ള ഓരോ അടയാളങ്ങളും ഷാലോം ടീം വിശദമായി പറഞ്ഞുതന്നു. പള്ളിക്ക് പുറത്ത് എത്തിയപ്പോൾ വാഴ്ത്തപ്പെട്ട ജോൺപോൾ രണ്ടാമൻ മാർപാപ്പ യുടെ വലിയപ്രതിമ ദർശിച്ചു. മാർപാപ്പ അഞ്ചു തവണ ഗ്വഡലൂപ്പേ സന്ദർശിച്ചതായി അവിടെനിന്ന് മനസ്സിലായി.

ഹോട്ടലിൽ മടങ്ങിയെത്തിയ ഞങ്ങൾ രാത്രി ഒൻപതു മണിക്ക് ഹോട്ടലിലെ പ്രാർത്ഥനാമുറിയിൽ ഒരുമിച്ചുകൂടി ജപമാല ചൊല്ലുകയും എല്ലാ ഇടവകാഗംങ്ങൾക്കും പ്രാർത്ഥനാ സഹായം ആവശ്യപ്പെട്ടവർക്കുമായി സജിയച്ചന്റെ നേതൃത്വത്തിൽ പ്രാർ ത്ഥിച്ചു. പിറ്റേ ദിവസം രാവിലെ ഏഴുമണിക്ക് പ്രാർത്ഥനാമുറി യിൽ ഒന്നിച്ചുകൂടി പ്രാർത്ഥിക്കുവാൻ തിരുമാനിക്കുകയും, വരും ദിവസങ്ങളിലെ സന്ദർശനപരിപാടികൾ അലോചിച്ചു തിരുമാനി ക്കുകയും ചെയ്തു. അങ്ങനെ ആദ്യദിവസത്തെ തീർത്ഥാടനം ഭംഗി യായി പൂർത്തിയാക്കി.

രണ്ടാം ദിവസം എല്ലാവരും ഏഴു മണിക്കുതന്നെ പ്രാർത്ഥനാ മുറിയിൽ ഒത്തുചേരുകയും ജപമാല ചൊല്ലുകയും ചെയ്തു. ഹോട്ട ലിൽ ഏർപ്പാടുചെയ്തിരുന്ന പ്രഭാതഭക്ഷണത്തിനു ശേഷം എല്ലാ വരും പള്ളിയിലേയ്ക്ക് യാത്രയായി. ഹ്വവാൻ ഡിയാഗോ യാത്ര ചെയ്ത മലയിലൂടെയുള്ള യാത്രയായിരുന്നു അന്നത്തെ ആദ്യ പരിപാടി. കുരിശിന്റെവഴിചൊല്ലി എല്ലാവരും അത്യധികം ഭക്തിപൂർവ്വം മല കയറി. പരിശുദ്ധ അമ്മയുടെ നിർദ്ദേശപ്രകാരം നിർമ്മിച്ച മലകളിലുള്ള പള്ളി സന്ദർശിക്കുകയും എല്ലാവർക്കും വേണ്ടി പ്രാർത്ഥിക്കുകയും ചെയ്തു. പള്ളിയിൽ പരിശുദ്ധ അമ്മ വളരെയധികം കുഞ്ഞുങ്ങളെ താങ്ങി പിടിച്ചിരുന്ന ചിത്രം എല്ലാ വരെയും ആകർഷിച്ചു. ഈ ദൈവാലയത്തിൽ ആയിരുന്നു വർഷങ്ങളോളം ടിൽമ സൂക്ഷിച്ചിരുന്നത്. പള്ളിക്ക് പുറത്ത് തിരുഹൃദയം പതിപ്പിച്ച കൽകുരിശ് അതിമനോഹരമായിരുന്നു.

മല ഇറങ്ങി എല്ലാവരും പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട അരു വിയുടെ അടുത്ത് എത്തി. അരുവി ഇപ്പോൾ കിണർപോലെ കെട്ടി അവിടെ ദൈവാലയം പണിതിരിക്കുന്നു. ഈ ദൈവാല യത്തിലാണ് സജിയച്ചൻ ഞങ്ങളോടൊപ്പം വിശുദ്ധ കുർബാന അർപ്പിച്ചത്. അതിനു ശേഷം പരിശുദ്ധ അമ്മ പ്രത്യക്ഷപ്പെട്ട സ്ഥലങ്ങൾ ജപമാല ചൊല്ലിക്കൊണ്ട് സന്ദർശിച്ചു. കുഞ്ഞുങ്ങൾ അടക്കം എല്ലാവരും ഈ ജപമാല പ്രദക്ഷിണത്തിൽ പങ്കെടുത്തു. അതിനുശേഷം ഹ്വവാൻഡിയാഗോയുടെ കബറിടവും താമസിച്ച മുറിയും ദൈവാലയവും സന്ദർശിച്ചു. അതിനുശേഷം ആരാധനാ

(Continued on page 5)



*ഗ്വഡാലൂപ്പെയിലെ ബസലിക്കയിൽ പ്രദർശിപ്പിച്ചിരിക്കുന്ന ഒറിജിനൽ ടില്മ (ഹ്വവാൻ ഡിയാഗോയുടെ മേലങ്കി).*

*(Continued from page 4)*

ദൈവാലയവും സന്ദർശിച്ചു. പിന്നീട് മ്യൂസിയം സന്ദർശിച്ചശേഷം എല്ലാവരും ഷോപ്പിംഗിനായി പോയി. ഗ്വഡലൂപ്പയിലെ ഷോപ്പിംഗ് പ്രത്യേക അനുഭവമായിരുന്നു. സ്പാനിഷിൽ വിലപേശി സാധനങ്ങൾ മേടിച്ചത് എല്ലാവരെയും സന്തോഷത്തിലാക്കി. ഹോട്ടലിൽ നിന്ന് ഡിന്നർ കഴിച്ചശേഷം പ്രാർത്ഥനാമുറിയിൽ ഒത്തുചേർന്ന് ജപമാല എത്തിച്ചു.

മൂന്നാം ദിവസം രാവിലെ ഏഴ് മണിക്ക് സജിയച്ചന്റെ നേതൃത്വത്തിൽ ആരാധനാ ദൈവാലയത്തിൽ പോകുകയും ഒൻപതു മണിവരെ ജപമാല ചൊല്ലുകയും ആരാധന നടത്തുകയും ചെയ്തു. തുടർന്ന് വിശുദ്ധ ഹ്വാൻഡിയാഗോയുടെ ദൈവാലയത്തിൽ ദിവ്യബലി അർപ്പിച്ച് പ്രാർത്ഥിച്ചു. തുടർന്ന്, എല്ലാവരും കൂടി പിരമിഡ് കാണുവാൻ യാത്രയായി. യാത്രയുടെ മദ്ധ്യേ ഹ്വാൻഡിയാഗോ താമസിച്ചിരുന്ന വീടു കാണുകയും ചെയ്തു. കുട്ടികളടക്കം മിക്കആളുകളും ഉത്സാഹപൂർവ്വം പിരമിഡിന്റെ മുകളിൽ കയറി. പ്രകൃതിദൈവങ്ങളെ പ്രീതിപ്പെടുത്തുവാൻ മനുഷ്യക്കുരുതി നടന്നിരുന്ന സ്ഥലമായിരുന്നു ആ പിരമിഡ്. പിരമിഡുകൾ സന്ദർശിക്കുന്നതിന് മുമ്പ് ബന്ധനപ്രാർത്ഥന ചൊല്ലി സജി അച്ചൻ എല്ലാവരെയും ആശീർവ്വദിച്ചു. പിരമിഡ് സന്ദർശനത്തിനുശേഷം പഴയ ഒരു കൊട്ടാരവും സന്ദർശിച്ചു. അന്നത്തെ ഉച്ചഭക്ഷണം പരമ്പരാഗത മെക്സിക്കൻ ശൈലിയിലുള്ള ഒരു ഹോട്ടലിൽ നിന്നായിരുന്നു. ബസ് യാത്രയിൽ പലരും തങ്ങളുടെ അനുഭവം പങ്കുവയ്ക്കുകയും നല്ല സൗകര്യങ്ങൾ ഏർപ്പെടുത്തിതന്ന ഷാലോമിനോട് നന്ദി അറിയിക്കുകയും ചെയ്തു. ആറു മണിയ്ക്ക് ബസിലിക്കായിൽ എത്തിയ ഞങ്ങൾ മദർ തെരേസായുടെ ആശ്രമം സന്ദർശിക്കുകയും മംഗലാപുരംകാരനായ അവിടുത്തെ അച്ചൻ ഗ്വഡലൂപ്പേ മാതാവിനെപ്പറ്റി ഞങ്ങളോട് വിശദീകരിക്കുകയും ചെയ്തു. വീണ്ടും ബസിലിക്കാ സന്ദർശിച്ച ശേഷം രൂപങ്ങളും അരുളിക്കായും വാങ്ങുവാനായി കടകളിൽ പോയി. ഡിന്നറിനു ശേഷം ജപമാലചൊല്ലി മൂന്നാം ദിവസം പൂർത്തിയാക്കി.

നാലാം ദിവസം രാവിലെ ഏഴ് മണിക്ക് ആരാധനാ ദൈവാലയത്തിലെത്തി ജപമാല ചൊല്ലി. അതിനുശേഷം എട്ടു മണിക്ക് പരിശുദ്ധ അമ്മയുടെ മാതാപിതാക്കളായ വിശുദ്ധ ജോവാക്കിമിന്റെയും അന്നാഉമ്മയുടെയും ദൈവാലയത്തിൽ വിശുദ്ധ കുർബാന അർപ്പിച്ചു. തുടർന്ന് എല്ലാവരെയും ഗ്വഡലൂപ്പെ മാതാവിന് അടിമവച്ചു പ്രാർത്ഥിച്ചു. തീർത്ഥാടനത്തിന്റെ അവസാന നിമിഷങ്ങൾ ആയിരുന്നു അത്. പിന്നീട് ബസിലിക്കയിൽ പോയി മാതാവിന്റെ ടിൽമക്കരികിൽ പ്രാർത്ഥിച്ചശേഷം എല്ലാവരും ഹോട്ടലിലേക്ക് മടങ്ങി. പ്രഭാത ഭക്ഷണത്തിനുശേഷം 11 മണിയ്ക്ക് വിമാനത്താവളത്തിലേക്ക് യാത്രയായി.

നാലുദിവസത്തെ മരിയൻ തീർത്ഥയാത്രയും പരിശുദ്ധ അമ്മയുടെ സാന്നിദ്ധ്യവും എല്ലാവരിലും ആത്മീയാനുഭൂതി ഉളവാക്കി. കുട്ടികൾ അടക്കം 35പേർ ഈ തീർത്ഥാടനത്തിൽ പങ്കെടുത്തു. ഓഗസ്റ്റ് 21നു രാത്രി എല്ലാവരും സുരക്ഷിതരായി ചിക്കാഗോയിൽ തിരിച്ചെത്തി. തീർത്ഥാടനം ഏറെ സുഗമമായി നടത്താൻ ഷാലോം ടീം നല്കിയ നേതൃത്വം വളരെ വലുതാണ്. ചെന്നിറങ്ങിയപ്പോൾ മുതൽ തീർത്ഥാടനം അവസാനിക്കുംവരെ ഞങ്ങളോടൊപ്പം ആത്മീയ നിറവും തികവും നല്കി ഷാലോം ടീം ഉണ്ടായിരുന്നു. ഷാലോം ടീമിന് നന്ദിപറഞ്ഞ് മാതാവിന്റെ മാദ്ധ്യസ്ഥത്തിൽ ശരണപ്പെട്ടുകൊണ്ട് എല്ലാവരും സ്വഭനങ്ങളിലേയ്ക്കു മടങ്ങി.



Seminar held at St. Mary's on Heart Disease, Diabetes, and Public Benefits for sponsors.

**For Favors Received**



- A Firm Believer

**For Favors Received**



- A Firm Believer

## ഫാ. ജോർജ് പനയ്ക്കൽ നയിക്കുന്ന

### നൈറ്റ് വിജിലും ഏകദിന ധ്യാനവും സെന്റ് മേരീസിൽ

ഡിവൈൻ ധ്യാനകേന്ദ്രത്തിലെ സുപ്രസിദ്ധ ധ്യാന ഗുരു റവ. ഫാ. ജോർജ് പനയ്ക്കൽ വി.സി., നമ്മുടെ സെന്റ് മേരീസ് പള്ളിയിൽ ഒക്ടോബർ 12 വെള്ളിയാഴ്ചയിലെ നൈറ്റ് വിജിൽ നയിക്കുന്നതാണ്. വൈകുന്നേരം 6:00ന് ആരംഭിക്കുന്ന നൈറ്റ് വിജിൽ രാത്രി 12:30 വരെ ആയിരിക്കും. പിറ്റേന്ന് ശനിയാഴ്ച രാവിലെ 10:00ന്റെ ദിവ്യബലിയെത്തുടർന്ന് രാത്രി 9:00 വരെ അദ്ദേഹം ഏകദിന ധ്യാനവും നയിക്കുന്നതാണ്. ഏവർക്കും സ്വാഗതം.



# Onam Celebration at Sacred Heart Church















## Monthly Auction at St. Mary's

According to the decision made at the Men & Women Ministry meeting, we will have a special monthly auction for building fund on Sunday, September 23rd.

## ALTER SERVERS' TRAINING

Next alter servers' training will be held at St. Mary's Church on Saturday, October 6th at 10:45 A.M. Those who would like to join this service are also welcome.


## Pre-Marriage Course

By Knanaya Catholic Region **From November 2 - 4**
(Friday - Sunday)
At St. Mary's Knanaya Catholic Church, Morton Grove.
**For reservation:**
Tonny Pullappally, 630-205-5078,
tonnyjohn@hotmail.com

## ജപമാല മാസാചരണം

കൊന്തമാസമായ ഒക്ടോബറിൽ നമ്മുടെ രണ്ടു പള്ളികളിലും ആഘോഷമായ കൊന്ത നമസ്കാരം ഉണ്ടായിരിക്കും. സേക്രഡ് ഹാർട്ട് പള്ളിയിൽ ഒക്ടോബർ 1 മുതൽ 10 വരെയും, സെന്റ് മേരീസിൽ 2 മുതൽ 11 വരെയുമായിരിക്കും കൊന്തപത്ത് ആചരിക്കുക. ഈ ദിവസങ്ങളിൽ കുർബാനയോടനുബന്ധിച്ചായിരിക്കും ഇവ നടത്തുക.

രണ്ടു സ്കൂളിലെയും കുട്ടികളുടെ കൊന്ത ഇംഗ്ലീഷിൽ വേദപാഠക്ലാസ്സിൽ മതാദ്ധ്യാപകരുടെ നേതൃത്വത്തിലായിരിക്കും. ഏഴാം തീയതിയാണ് ജപമാലരാജ്ഞിയുടെ തിരുന്നാൾ ദിവസം.





ഏതെങ്കിലും ദിവസം സ്പോൺസർ ചെയ്യാൻ ആഗ്രഹിക്കുന്നവർ അതാതു പള്ളിയുടെ കൈക്കാരന്മാരെ ദയവായി വിവരം അറിയിക്കുക.

## വി. യൂദാശ്ലീഹായുടെ തിരുനാൾ



വിശുദ്ധ യൂദാസ് ശ്ലീഹായുടെ തിരുന്നാൾ മോർട്ടൻ ഗ്രോവിലെ നമ്മുടെ സെന്റ് മേരീസ് പള്ളിയിൽ ഈ വർഷം ഒക്ടോബർ 25 വ്യാഴാഴ്ച വൈകുന്നേരം 7:00ന് ചെറിയ തിരുന്നാളായി ആഘോഷിക്കുന്നതാണ്. തിരുന്നാളിന് ഒരുക്കമായി ഒക്ടോബർ 17 മുതൽ 25 വരെ തുടർച്ചയായി വിശുദ്ധ കുർബാനയെ തുടർന്ന് ലദീഞ്ഞും നൊവേനയുമുണ്ടായിരിക്കും. ഓരോ ദിവസത്തെയും നൊവേന താല്പര്യമുള്ളവർക്ക് സ്പോൺസർ ചെയ്യാവുന്നതാണ്.



Holy Mass at St. Mary's Church By Mar Mathew Moolakkatt.





Blessing on at St. Mary's for those who have birthday in September.



St. Michael's Koodara yogam.

| OFFERINGS | Sept. 16 |
|---|---|
| **ST. MARY'S, MORTON GROVE** | |
| St. Jude Novena on Thursday | 223.00 |
| Sunday 10:00 A.M. Mass | 1,420.00 |
| Sunday English Mass | 35.00 |
| Sunday 5:30 P.M. Mass | 181.00 |
| Monthly Pledge | 8,125.00 |
| Rel. Education Registration | 12,735.00 |
| Feast Sponsor | 250.00 |
| Music Class | 75.00 |
| **TOTAL ST. MARY'S** | **23,044.00** |
| **SACRED HEART, MAYWOOD** | |
| Sunday 10:00 A.M. Mass | 1,358.00 |
| English Mass | 75.00 |
| Guadalupe Shrine | 45.00 |
| St. Anthony Novena | 81.00 |
| S.H. Statue Sponsorship | 300.00 |
| Auction | 13.00 |
| Annual Contribution | 230.00 |
| Rel. Edu. Registration | 1,700.00 |
| **TOTAL SACRED HEART** | **3,802.00** |
| **AGAPE MOVEMENT** | |
| Sacred Heart Agape Store | 59.00 |
| St. Mary's Agape Store | 50.00 |
| Bulletin Donation | 50.00 |
| Donation Box | 190.64 |
| Birthday Donation | 50.00 |
| Sponsor A Seminarian | 500.00 |
| **TOTAL AGAPE** | **899.64** |

## READINGS & READERS സ്ളീവാക്കാലം (Second Sunday of the Cross)

| SEPT. 23 | READINGS | S. H. 10:00 A.M. | ST. MARY'S 10:00 | ST. MARY'S 11:40 |
|---|---|---|---|---|
| 1ST | Deut. 9:1-8 | Sherly Vanchipurackal | Anishka Alappatt | Aliya Mattathikunnel |
| 2ND | Philip 3:7-14 | Neethu Ellankiyil | Maya Vanchiyil | Jerrin Kizhakkekuttu |
| GOSPEL | Mt 17:14-23 | If you have faith nothing will be impossible for you. | | |

## READINGS & READERS സ്ളീവാക്കാലം (Third Sunday of the Cross)

| SEPT. 30 | READINGS | S. H. 10:00 A.M. | S. H. 11:40 AM | ST. MARY'S 10:00 | ST. MARY'S 11:40 |
|---|---|---|---|---|---|
| 1ST | Isaiah 26:1-11 | George Chakkalathottiyil | Justin Ethithara | Valsa Anchakunnath | Dhanya Valiyamattathil |
| 2ND | Philip 4:4-19 | Jacob Pullappally | Anjali Mutholam | Raju Naduveettil | Jesbin Makil |
| GOSPEL | Mat 15:21-28 | The faith of the Canaanite woman. | | | |

